**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **35** — 28.06.2016 ൽ മറുപടിക്ക്

## *സംസ്ഥാനത്തെ വകുപ്പുകളിൽ ഇ-ഗവേണൻസ്*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.വി. അബ്ദുൾ ഖാദർ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിൽ ഇ-ഗവേണൻസുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; | (എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. വകുപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വകുപ്പുമായി ഇ-മെയിൽ സംവിധാനം വഴി ബന്ധപ്പെടുന്നതിനും നിലവിൽ അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. മോട്ടോർ വാഹനം, പോലീസ്, രജിസ്ട്രേഷൻ, റവന്യൂ, ട്രഷറി, കൊമേഴ്സ്യൽ ടാക്സസ്, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, പൊതുഭരണം തുടങ്ങിയ വകുപ്പുകൾ ഓൺലൈൻ ആപ്ലിക്കേഷനുകൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) ഇ-ഗവേണൻസ് വഴി പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നടത്തുവാൻ കഴിയുമെന്നത് സർക്കാരിന്റെ വിലയിരുത്തലിൽ വന്നിട്ടുണ്ടോ ? | (ബി) ഇ-ഗവേണൻസ് വഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുവാൻ കഴിയുന്നുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ വില്ലേജ് ഓഫീസിൽ നിന്നും നൽകുന്ന 24 സർട്ടിഫിക്കറ്റ് സേവനങ്ങൾ ഓൺലൈൻ മുഖേന പൊതു ജനങ്ങൾക്ക് കിട്ടുന്നുണ്ട്.<br><br>ഇ-സംഭരണം എന്ന പദ്ധതി പ്രകാരം സർക്കാരിന്റെ സംഭരണ പ്രക്രിയ കൂടുതൽ സുതാര്യമാക്കാൻ കഴിയും. ഇ-ഓഫീസ് പദ്ധതി സെക്രട്ടറിയേറ്റിൽ ഫയൽ നീക്കങ്ങൾ മുമ്പത്തെക്കാൾ ഒരളവു വരെ വേഗത്തിലാക്കാൻ സാധിച്ചു.<br><br>ആധാർ ജനറേഷൻ 96 ശതമാനത്തോളം പൂർത്തിയാക്കാനും നിലവിൽ പെൻഷൻ ലഭിക്കുന്നതിനും ആധാർ അധിഷ്ഠിത ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം നിലവിൽ വന്നതും അക്ഷയയിലൂടെ ബാങ്കിംഗ് കിയോസ്ക്, ഇൻഷ്വറൻസ് തുടങ്ങി കൂടുതൽ സേവനങ്ങളും നൽകാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ